## കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ മലയാള പരിഭാഷ യജ്ഞം

പ്രിയ സുഹൃത്തുക്കളേ,
എട്ട് ഇന്ത്യൻ ഭാഷകൾ മാത്രമാണ് കോഹ ഇന്റർഫേസിൽ ലഭ്യമായിട്ടുള്ളത്. അതിൽ മലയാളവും ഉണ്ട്. ഹിന്ദി, തെലുങ്ക് ഭാഷകളുടെ പരിഭാഷ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മലയാളമടക്കമുള്ള മറ്റു ഭാഷകളുടെ പരിഭാഷ പൂർത്തിയായിട്ടില്ല. അക്കാഡമിക് ലൈബ്രറികളാണ് കോഹ കൂടുതലായി ഉപയോഗിക്കുന്നത്. ഭൂരിഭാഗം ലൈബ്രറികളിലും കോഹ ഇംഗ്ലീഷ് ഇന്റർഫേസാണ് ഉപയോഗിക്കുന്നത്. കേരളത്തിലെ പൊതു ഗ്രന്ഥശാലകളിൽ കോഹ പ്രചാരത്തിൽ ആയിട്ടില്ലെങ്കിലും, മലയാളം പരിഭാഷ സ്വീകരിക്കപ്പെടും എന്ന് കരുതുന്നു. കോഹ സോഫ്റ്റ്‌വെയർ ഇന്റർഫേസ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുകയെന്നത് അഭിമാനകരമായ ചുവട് വെപ്പായി കരുതി ഈ സംരംഭത്തിൽ പങ്കാളികളാവാൻ എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**മലയാള പരിഭാഷ യജ്ഞത്തിൽ എങ്ങിനെ പങ്കാളിയാവാം**

പരിഭാഷ പ്രവർത്തനങ്ങൾക്കായി പ്രത്യേകമായി ഓൺലൈൻ വേദി കോഹ സോഫ്റ്റ്‌വെയർ സമൂഹം തയ്യാറാക്കിയിട്ടുണ്ട്. https://translate.koha-community.org എന്ന വെബ് മേൽവിലാസത്തിൽ പരിഭാഷ പ്രവർത്തനങ്ങളുടെ വെബ്സൈറ്റ് ലഭ്യമാണ്. പൂട്ടിൽ (Pootle) എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് പരിഭാഷകൾ കൈകാര്യം ചെയ്യാനായി കോഹ സോഫ്റ്റ്‌വെയർ സമൂഹം ഉപയോഗിക്കുന്നത്. വെബ്സൈറ്റിൽ ഒരു അക്കൗണ്ട് നിർമ്മിച്ച് കൊണ്ട് പരിഭാഷ പ്രവർത്തനങ്ങളിൽ പങ്കാളികളാകാവുന്നതാണ്. പരിഭാഷാ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനു യാതൊരു വിധ സാങ്കേതിക പരിജ്ഞാനവും ആവശ്യമില്ല.

വെബ്സൈറ്റിന്റെ മുകൾ ഭാഗത്തു നിന്നും കോഹ പതിപ്പ്, ഭാഷ എന്നിങ്ങനെ വേർതിരിച്ച് തിരഞ്ഞെടുക്കാവുന്നതാണ്. ഭാഷകളിൽ നിന്നും മലയാളം തിരഞ്ഞെടുക്കണം. അടുത്തിടെ പ്രസിദ്ധീകരിച്ച കോഹയുടെ പതിപ്പുകൾ കേന്ദ്രീകരിച്ച് പരിഭാഷ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നു. നാലു കോഹ പതിപ്പുകളുടെ പരിഭാഷ പ്രവർത്തനങ്ങൾ ഒരേ സമയം നടക്കുന്നുണ്ട്.




ഏറ്റവും പുതിയ കോഹ പതിപ്പാണ് പരിഭാഷ ചെയ്യാനായി തിരഞ്ഞെടുക്കേണ്ടത്. കോഹ പതിപ്പിന്റെ ലിങ്കിൽ അമർത്തിക്കൊണ്ടു പരിഭാഷ പ്രവർത്തനങ്ങളിലേക്കു പ്രവേശിക്കാം. പുതിയ കോഹ പതിപ്പ് പുറത്തിറങ്ങുമ്പോൾ നിലവിലെ പരിഭാഷ അതിലേക്കു മാറ്റും. പുതിയതായി ചേർക്കപ്പെട്ട വരികൾക്ക് മാത്രം പരിഭാഷ ചേർത്താൽ മതിയാവും.




ഓരോ കോഹ പതിപ്പിന്റേയും പരിഭാഷ വിവിധ ഫയലുകളിൽ ആണ് സൂക്ഷിച്ചിരിക്കുന്നത്. പരിഭാഷ ചെയ്യുന്നതിന്റെ സൗകര്യത്തിനായി, ഓൺലൈൻ കാറ്റലോഗ്, സ്റ്റാഫ് ഇന്റർഫേസ്, മെസ്സേജുകൾ, ഇൻസ്റ്റാളർ എന്നിങ്ങനെ വിവിധ മൊഡ്യൂളുകളുമായി ബന്ധപ്പെട്ട വരികൾ പ്രത്യേകം ഫയലുകളിലായി സൂക്ഷിച്ചിരിക്കുന്നു. ഫയലിന്റെ ലിങ്കിൽ അമർത്തിയാൽ ഫയലിനുള്ളിലേക്ക് പ്രവേശിക്കുകയും, പരിഭാഷപ്പെടുത്താനുള്ള വരികൾ കാണാനും സാധിക്കും.




പരിഭാഷ ആവശ്യമുള്ള വരികളുടെ ലിങ്കിൽ അമർത്തിക്കൊണ്ടു പരിഭാഷ ആരംഭിക്കാം. ഓരോ വരികളും എടുത്തു കാണിക്കും.




ഇംഗ്ലീഷിലുള്ള വരി എടുത്തു കാണിക്കും. മലയാളം പരിഭാഷ ബോക്സിൽ ടൈപ്പ് ചെയ്തു ചേർക്കാം. ഗൂഗിൾ ക്രോം ബ്രൗസറിൽ ഇൻപുട്ട് ടൂൾ എക്സ്റ്റൻഷൻ (Google Input Tools) ഇൻസ്റ്റാൾ ചെയ്ത ശേഷം നേരിട്ട് മലയാളത്തിൽ ടൈപ്പ് ചെയ്തു ചേർക്കാം. Submit / Suggest ബട്ടൺ അമർത്തിക്കൊണ്ടു പരിഭാഷ സമർപ്പിക്കാം. തുടക്കക്കാർക്ക് Suggest ചെയ്യാൻ മാത്രമേ

സാധിക്കു. **Suggest** ചെയ്ത പരിഭാഷകൾ അഡ്മിനിസ്ട്രേറ്റർ അംഗീകാരം നൽകി കഴിഞ്ഞാൽ മലയാളം പരിഭാഷയുടെ ഭാഗമായി മാറുന്നു.

ചില വരികളിൽ Variable ഉണ്ടെങ്കിൽ അതേപടി നിലനിർത്തേണ്ടതാണ്. സംഖ്യകൾ, തുകകൾ, തീയതികൾ തുടങ്ങിയ കാര്യങ്ങളാണ് Variable സ്ഥാനത്തു സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്നത്. Variable വരുന്ന സ്ഥലത്തു %s എന്ന് കാണാവുന്നതാണ്. വരികളുടെ ഘടന മാറ്റിയാലും Variable വേണ്ട സ്ഥാനത്തു ചേർക്കുക. Variable സൂചിപ്പിക്കുന്ന ഭാഗം നീക്കരുത്.




ഓരോ വരികളുടേയും പരിഭാഷ പൂർത്തിയാക്കിക്കഴിയുമ്പോൾ അടുത്ത വരി പരിഭാഷക്കായി എടുത്തു കാണിക്കും. ഓരോ വരികളും പരിഭാഷ പൂർത്തിയാക്കി മുന്നോട്ടു നീങ്ങാൻ പറ്റും.

**ഉപസംഹാരം**

കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ മലയാള പരിഭാഷ യജ്ഞം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനു കൂട്ടായ ശ്രമം ആവശ്യമാണ്. ഓരോരുത്തരും ഏതാനും വരികൾ ദൈനദിനം ചേർക്കുകയാണെങ്കിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ മലയാള പരിഭാഷ പൂർത്തിയാക്കാൻ സാധിക്കും.